

THURSDAY 01/08/2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 1/08/2024

1. സംസ്ഥാനത്ത് നിലവിലെ കനത്ത മഴ മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടം വിലയിരുത്തുന്നതിനും, അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. ജില്ലകളിലെ കൺട്രോൾ റൂമുകളുടെ നമ്പറുകൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം 9447242977, 9383470086 കൊല്ലം 9447349503, 9497158066 ആലപ്പുഴ 9497864490, 9447400212 പത്തനംതിട്ട 9446041039, 9446324161 ഇടുക്കി 9447037987, 9383470821 കോട്ടയം 9446219139, 9383470710 എറണാകുളം 9497678634, 9383471150 തൃശ്ശൂർ 9446549273, 9383473242 പാലക്കാട് 9447364599, 9383471457 കോഴിക്കോട് 9656495737, 9847616264 മലപ്പുറം 9447228757, 9383471618 കണ്ണൂർ 9495887651, 9383472034 കാസർഗോഡ് 9446062978, 9383471966 വയനാട് 9778036682, 9495143422.

2. ആഗസ്റ്റ് മാസം ഒന്നാം തീയതി (ഇന്ന്) നടത്താനിരുന്ന കുളമ്പ് രോഗ- ചർമമുഴ പ്രതിരോധ കുത്തിവെപ്പ് യജ്ഞവും ഉദ്ഘാടനവും പ്രകൃതി ദുരന്ത സാഹചര്യത്തിൽ മാറ്റിവെച്ചതായി മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും അറിയിച്ചു.

3. കാലവർഷത്തോടനുബന്ധിച്ച് ജില്ലയിൽ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കർഷകർ പഞ്ചായത്തു തല വെറ്ററിനറി സർജൻമാരെ അറിയിക്കണം. മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രം ക്യാമ്പസിലെ അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് ഓഫീസിൽ കൺട്രോൾ റൂം ആരംഭിച്ചു. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0495 2762050.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

4. ചിങ്ങം ഒന്ന് കർഷക ദിനത്തോടനുബന്ധിച്ച് വിഴിഞ്ഞം കോട്ടുകാൽ കൃഷിഭവൻ മികച്ച കർഷകർക്ക് പുരസ്കാരം നൽകി ആദരിക്കുന്നു. ഇതിനായി വിവിധ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ച കൃഷിഭവൻ പരിധിയിലെ കർഷകരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. കർഷകർ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയോടൊപ്പം വെള്ളപ്പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ ആഗസ്റ്റ് 5 ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി നേരിട്ട് കൃഷി ഭവനിൽ സമർപ്പിക്കണം. ആറാം തീയതി മുതൽ കൃഷിസ്ഥല പരിശോധന നട ത്തേണ്ടതുള്ളതിനാൽ അഞ്ചാം തീയതിയ്ക്ക് ശേഷം വരുന്ന അപേക്ഷകൾ പരിഗണിക്കുന്നത ല്ലെന്നും കൂടുതൽ വിവരങ്ങൾക്ക് കൃഷി ഭവനുമായി 9446484939, 9446177424 നമ്പറുകളിൽ ബന്ധിപ്പെടണമെന്ന് കൃഷി ഓഫീസർ അറിയിച്ചു. കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ പുരസ്കാരത്തിന് അർഹരായവർ അപേക്ഷ സമർപ്പിക്കേണ്ടതില്ലെന്നും അധികൃതർ അറി യിച്ചു.

5. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള, രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതി പ്രകാരം കേരളത്തിൽ കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കാനുള്ള സമഗ്ര പദ്ധതി കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്നു. ആയതിൽ പാലക്കാട് ജില്ലയിൽ തൃത്താല ബ്ലോക്കിലാണ് ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കുന്നത് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ സൃഷ്ടിക്കുന്ന കൂൺ കൃഷി സ്വന്തമായി സ്ഥലമില്ലാത്തവർക്കും വീടിനുള്ളിൽ ലഭ്യമായ സ്ഥലത്ത് ചെയ്യാം. കാർഷിക ബ്ലോക്ക് അടിസ്ഥാനത്തിൽ ജില്ലാ ഹോർട്ടികൾച്ചർ മിഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2 ലക്ഷം രൂപ വരെ സഹായധനം ലഭിക്കുന്ന ഈ പദ്ധതിക്ക് കർഷകർ, കർഷക സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, കുടുംബശ്രീ എന്നിവർക്ക് അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം നൽകും. കൂടുതൽ വിവരങ്ങൾക്ക് കൃഷി ഭവനുമായി ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കേരള വെറ്ററിനറി ആന്റ് അനിമൽസയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തിയിലുള്ള യൂണിവേഴ്സിറ്റി പൗൾട്രി ആന്റ് ഡക്ക് ഫാമിലെ (UPDF) റിസർച്ച് അസിസ്റ്റന്റ് തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ താല്ക്കാലികനിയമനത്തിനായി അഭിമുഖം നടത്തുന്നു. 179 ദിവസങ്ങൾ/ അല്ലെങ്കിൽ പ്രോജക്ട് കാലാവധി കഴിയും വരെ ആണ് നിയമനം. വിദ്യാഭ്യാസ യോഗ്യത - MVSc in Poultry Science. ഇൻർവ്യൂവിൽ പങ്കെടുക്കേണ്ടവർ മണ്ണുത്തിയിലെ UPDF ഓഫിസിൽ 2024 ആഗസ്റ്റ് 6-ന് രാവിലെ 9.30ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇൻർവ്യൂവിന് വരുമ്പോൾ വിശദമായ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെയും മറ്റ് അവശ്യരേഖകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ കൊണ്ടുവരേണ്ടതാണ്. വിശദവിവരങ്ങൾക്കായി സർവ്വകലാശാല വെബ്സൈറ്റ് www.kvasu.ac.in സന്ദർശിക്കുക.

7. കുട്ടനാട്ടിൽ നെൽക്കൃഷിയിൽ 19:19:19, സമ്പൂർണ്ണ തുടങ്ങിയ വളങ്ങൾ ഡ്രോൺ ഉപയോഗിച്ച് ഫലപ്രദമായി പ്രയോഗിച്ചു വരുന്നുണ്ട്. വിത്ത് വിതയ്ക്കുന്നതിന് ഡ്രോൺ ഉപയോഗിക്കുന്നത് ഫലപ്രദമാണോ എന്ന് മങ്കൊമ്പ് എം.എസ് സ്വാമിനാഥൻ നെല്ല് ഗവേഷണ കേന്ദ്രത്തിൻറെ നേതൃത്വത്തിൽ ഈ രണ്ടാംകൃഷി സീസണിൽ ഫീൽഡ് തല പഠനം നടത്തി വരുന്നു. എന്നാൽ രാസകീടനാശിനികളോ, കളനാശിനികളോ ഡ്രോൺ ഉപയോഗിച്ച് പ്രയോഗിക്കാൻ പാടുള്ളതല്ല. ഇത് നിയമ വിരുദ്ധവും പരിസ്ഥിതിയ്ക്ക് ദോഷകരവുമാണ്. ആയതിനാൽ ഡ്രോൺ ഉപയോഗിച്ച് കളനാശിനികളോ കീടനാശിനികളോ ഉപയോഗിക്കരുത് എന്ന് കെ.സി.പി.എം മങ്കൊമ്പിൽ നിന്നും അറിയിക്കുന്നു.

8. മഴവെള്ളം ഭുമിയിലേക്കു സ്വാഭാവികമായി ഇറങ്ങുന്നത് വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് തെങ്ങിന് തടം മണ്ണിന് ജലം ക്യാമ്പയിൻ ആഗസ്റ്റിൽ തുടക്കമാവും. ഹരിതകേരള മിഷന്റെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നേതൃത്വത്തിൽ തദ്ദേശസ്ഥാപനങ്ങളുടെയും കർഷക സംഘടനകളുടെയും, സന്നദ്ധ സംഘടനകളുടെയും സഹായത്തോടെയാണ് ക്യാമ്പയിൻ ഏറ്റെടുക്കുന്നത്. ആദ്യ ഘട്ടത്തിൽ ഒരു ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ചുരുങ്ങിയത് ഒരു വാർഡിൽ ക്യാമ്പയിൻ നടപ്പാക്കും. ജല ക്ഷാമം രൂക്ഷമായി അനുഭവപ്പെടാറുള്ള വാർഡിനാണ് മുൻഗണന. ഇടവപ്പാതി അവസാനിക്കും മുമ്പ് ആഗസ്റ്റ് സെപ്തംബർ മാസങ്ങളിലാകും തടമെടുപ്പ് പരമാവധി മഴ വെള്ളം ഒഴുകി പോകാതെ ഭൂമിയിൽ സംഭരിക്കുകയാണ് ലക്ഷ്യം.

**പരിശീലന പരിപാടി**

9. കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെൻറർ 31.07.24ന് നടത്താനിരുന്ന അലങ്കാര മത്സ്യകൃഷി സംബന്ധിച്ച പരിശീലന പരിപാടി കനത്ത മഴ കണക്കിലെടുത്ത് 13.08.2024 ലേക്ക് മാറ്റിവെച്ചിരിക്കുന്നു. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ ആഗസ്റ്റ് 13, 14 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലന വിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം